പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2740

06-02-2018 ലെ മറുപടി

## എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി നിലവിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | **ജലസേചന വകുപ്പ്**<br>സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നിലവിലെ സാമ്പത്തിക പരിധി ചുവടെ ചേർക്കുന്നു.<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ - 15 ലക്ഷം രൂപ വരെ<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ - 45 ലക്ഷം രൂപ വരെ<br>ചീഫ് എഞ്ചിനീയർ -പരിധിയില്ല (16/01/2016 മുതൽ)<br>എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും പരിധി 22/03/2000-ലാണ് നിശ്ചയിക്കപ്പെട്ടത്.<br>**കേരള ജല അതോറിറ്റി**<br>കേരള ജല അതോറിറ്റിയിൽ താഴെ പറയും പ്രകാരമാണ് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി:<br>ചീഫ് എഞ്ചിനീയർ - പരിധിയില്ലാതെ<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ - 75 ലക്ഷം രൂപ വരെ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ - 25 ലക്ഷം രൂപ വരെ |
| (ബി) | ഇത് നിശ്ചയിക്കപ്പെട്ടതെന്നാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കേരള ജല അതോറിറ്റിയിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി നിശ്ചയിക്കപ്പെട്ടത് 02/03/2016 ലാണ്.<br><br>**<u>ഭൂജലവകുപ്പ്</u>**<br><br>ഭൂജലവകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപയുടെയും, മെഷിനറി റിപ്പയറുമായി ബന്ധപ്പെട്ട് 15 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. ഭൂജല വകുപ്പിലെ ജില്ലാ ആഫീസർക്ക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. ഇത് നിശ്ചയിക്കപ്പെട്ടത് 11/11/2013 ലാണ്. |
| (സി) | പൊതുമരാമത്ത് വകുപ്പ് പോലുള്ള മറ്റ് വകുപ്പുകളിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ച് നൽകിയിട്ടുള്ള വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. സാങ്കേതികാനുമതിയുടെ പരിധി പുനർ നിർണ്ണയം പരിഗണനയിലാണ്. |
| (ഡി) | എങ്കിൽ ജലവിഭവ വകുപ്പിലും സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**